സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും നടന്നുവരുന്നു. വീട് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നവർക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിന് Housing Guidance Cell-കളും പ്രവർത്തിച്ചുവരുന്നു. വീട് നിർമ്മാണത്തിലെ ധൂർത്ത് ഒഴിവാക്കുന്നതിലേക്കായി Cost Effective Environment Friendly ടെക്നോളജിയെപ്പറ്റിയുള്ള അവബോധം വളർത്തുന്നതിനായി വിവിധ പരിശീലന പരിപാടികളും നിർമ്മിതി കേന്ദ്രത്തിന്റെ ഭാഗത്തുനിന്നും നടത്തിവരുന്നു.

(ബി) കുറഞ്ഞ ചെലവിൽ ഗുണനിലവാരമുള്ള കെട്ടിട നിർമ്മാണ സാമഗ്രികളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കീഴിൽ വിവിധ ജില്ലകളിലായി 10 കലവറ യൂണിറ്റുകളും 10 പ്രൊഡക്ഷൻ സെന്ററുകളും പ്രവർത്തിച്ചുവരുന്നു. കൂടുതൽ ആളുകൾക്ക് പ്രയോജനം ലഭിക്കുന്നതിനായി 7 കലവറകളുടെ പ്രവർത്തനം കൂടി ഉടൻ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. ചെലവ് ചുരുങ്ങിയതും 600 സ്ക്വയർ ഫീറ്റിൽ താഴെയുള്ളതുമായ വീട് നിർമ്മിക്കുന്ന ബി.പി.എൽ ഗുണഭോക്താക്കൾക്ക് 15% വില കുറച്ച് സ്റ്റീൽ, സിമന്റ് എന്നിവ നൽകിവരുന്നു. നിർമ്മിതിയുടെ സാങ്കേതികവിദ്യ ഉപയോഗിച്ച് വീട് നിർമ്മിക്കുന്ന ഉടമകൾക്ക് പ്രോത്സാഹനമായി ബിൽഡിംഗ് ടാക്സിൽ 25% കുറവ് നൽകി വരുന്നുണ്ട്. എറണാകുളം, പാലക്കാട്, പാല, മുട്ടം, വട്ടിയൂർക്കാവ്, അടൂർ എന്നീ മാതൃകാ നിർമ്മിതി കേന്ദ്രങ്ങൾ വഴി ഒരു വീട് വയ്ക്കുന്നതിനാവശ്യമായ നിർമ്മാണ സാമഗ്രികളുടെ ലഭ്യത, സ്റ്റീൽ, സിമന്റ്, പ്രവൃത്തി ഏറ്റെടുക്കൽ എന്നിങ്ങനെ എല്ലാ സേവനങ്ങളും ഒരു കുടക്കീഴിൽ നൽകിവരുന്നു. ഭവന നിർമ്മാണ ബോർഡ് മുഖേന ദുർബല വിഭാഗത്തിൽപ്പെട്ട ഭൂരഹിത ഭവന രഹിതർക്കായി പണിയുവരുന്ന സാഫല്യം പദ്ധതിയിൽ ചെലവുകുറഞ്ഞ GFRP(ഗ്ലാസ് ഫൈബർ റീഇൻഫോഴ്സ്ഡ് ജിപ്സം) പാനൽ ഉപയോഗിച്ചുള്ള നിർമ്മാണ രീതി പ്രയോഗിച്ചുവരുന്നുണ്ട്.

ഭവനശ്രീ പദ്ധതി- വായ്പാ തിരിച്ചടവ്

189 (4180) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭവനശ്രീ പദ്ധതിയിൽ പണം കടമെടുത്തവരുടെ കുടിശ്ശിക സർക്കാർ അടച്ചുതീർക്കുമെന്ന് ഉറപ്പുനൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ, ഏതു കാലയളവിലുള്ള കടങ്ങൾക്കാണ് അതു ബാധകമാക്കിയിട്ടുള്ളത് ;

(ബി) കടം അടച്ചുതീർത്താലും ബാങ്കുകൾ ആധാരം തിരിച്ചുനൽകാത്തതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ, അത്തരം പരാതികളിൽ പരിഹാരം കണ്ടെത്താൻ ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; നൽകിയിട്ടില്ലെങ്കിൽ നിർദ്ദേശം നൽകാൻ ശ്രദ്ധിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. ഭവനശ്രീ വായ്പാ ഇനത്തിൽ ദേശസാൽകൃത ബാങ്കുകളിലെ 30-6-2010 വരെയുള്ള കുടിശ്ശിക ഉൾപ്പെടെ ബാക്കി വായ്പാ തുകയാണ് സർക്കാർ ഏറ്റെടുത്തത്. ഭവനശ്രീ വായ്പാ ഇനത്തിൽ സഹകരണ ബാങ്കുകളിലെ 30-6-2013 വരെയുള്ള കുടിശ്ശിക ഉൾപ്പെടെ ബാക്കി വായ്പാ തുകയും സർക്കാർ ഏറ്റെടുത്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഇത്തരം പരാതികൾക്ക് പരിഹാരം കണ്ടെത്താൻ ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

നിർമ്മിതികേന്ദ്ര പുനരുദ്ധാരണം

190 (4181) ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. കെ. മുരളീധരൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർമ്മിതി കേന്ദ്രം പുനരുദ്ധരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതുവഴി എന്തെല്ലാം സൗകര്യങ്ങളാണ് ജനങ്ങൾക്ക് ലഭിക്കുന്നത്; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിച്ചു വരുന്നു. പുനരുദ്ധരിക്കേണ്ട സാഹചര്യം നിലവിലില്ല.

(ബി) ചെലവ് കുറഞ്ഞതും പ്രകൃതിക്ക് ഇണങ്ങിയതും ഗുണമേന്മയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യം.

(സി) പൊതുജനങ്ങൾക്ക് പ്രധാനമായും താഴെപ്പറയുന്ന സൗകര്യങ്ങൾ നിർമ്മിതിയിൽ നിന്നും ലഭിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly